**2021 മാർച്ച് 25 ന് രാവിലെ 10.30 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന പതിനാലാമത് കില എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

1. ശ്രീമതി. ശാരദാ മുരളീധരൻ IAS : ചെയർപേഴ്സൺ
   അഡീഷണൽ ചീഫ് സെക്രട്ടറി
   തദ്ദേശ സ്വയംഭരണ വകുപ്പ്
   തിരുവനന്തപുരം

2. ശ്രീ. ഷിബു.എ IAS : മെമ്പർ
   ഗ്രാമവികസന കമ്മീഷണർ
   ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം

3. ശ്രീ.യു. വി. ജോസ് IAS മെമ്പർ
   സ്പെഷൽ സെക്രട്ടറി
   തദ്ദേശസ്വയംഭരണ വകുപ്പ്
   സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

4. ശ്രീ.അനിൽ കുമാർ എസ് : മെമ്പർ
   അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
   (ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി)

5. ശ്രീ.ബി.കെ ബൽരാജ് : മെമ്പർ
   ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)
   (തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ(Urban)' പ്രതിനിധി)

6. ശ്രീ. അജിത്ത്കുമാർ എം.പി : മെമ്പർ
   അഡീഷണൽ ഡയറക്ടർ
   തദ്ദേശ സ്വയംഭരണ വകുപ്പ് (Rural), തിരുവനന്തപുരം
   (തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറുടെ ((Rural) പ്രതിനിധി)

7. ഡോ. ജോയ് ഇളമൺ : കൺവീനർ
   ഡയറക്ടർ ജനറൽ, കില

**ഐറ്റം നമ്പർ -01**

**22/02/2021 തീയ്യതിയിലെ പതിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

22/02//2021 തീയ്യതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. **അനുബന്ധം- (1 )**

**തീരുമാനം:**

**22/02/2021 തീയ്യതിയിലെ പതിമൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു**

**ഐറ്റം നമ്പർ : 02**

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 13th EXECUTIVE COMMITTEE MEETING HELD ON 22/02/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ –01**<br>04/01/2021 തീയ്യതിയിലെ പന്ത്രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :** 04/01/2021 തീയ്യതിയിലെ പന്ത്രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ : 02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം :**<br>1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | |
| (1) മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക കിലയിൽ നിന്ന് ടിയാന് നൽകിയത് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തിരിച്ച് ലഭിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണർക്ക് കത്തയച്ചിട്ടുണ്ട്. |
| (2) ഡ്രൈവർ തസ്തികയിലേക്ക് നടത്തിയ നിയമന നടപടിയുടെ ഭാഗമായി പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം ഉണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി | നടപടി പൂർത്തീകരിച്ചു. |

| | |
|---|---|
| തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ 17/02/2021 തീയതിയിലെ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ടി തീരുമാനം എക്സിക്യൂട്ടീവ് കമ്മറ്റിയെ അറിയിച്ചു. | |
| **ഐറ്റം നമ്പർ : 03**<br>2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്<br>**തീരുമാനം :**<br>1. 2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു അംഗീകരിച്ചു . എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു.<br>2. Capacity Building Training of State & District Officials - SANKALP പ്രോജക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ Ministry of Skill Development & Entrepreneurship, Govt. of India യും കിലയും സംയുക്ത കരാറിലേർപ്പെട്ടു. 13/02/2021 തീയതിയിൽ ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച ചടങ്ങിൽ വെച്ചാണ് കില ഡയറക്ടർ ജനറൽ കരാറിൽ ഒപ്പുവെച്ചത്. കിലയും ഒമ്പത് Indian Institute of Management (IIM) മാണ് ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി തെരഞ്ഞെടുത്തിട്ടുള്ളത് എന്നത് കില ഡയറക്ടർ ജനറൽ അറിയിച്ചതിനെത്തുടർന്ന് എക്സിക്യൂട്ടീവ് കമ്മറ്റി അഭിനന്ദനം രേഖപ്പെടുത്തി | 2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അടുത്ത ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.<br><br>നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നമ്പർ -04**<br>FCRA അക്കൌണ്ട് - SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ അക്കൌണ്ട് തുടങ്ങുന്നത് - സംബന്ധിച്ച്<br>**തീരുമാനം :**<br>SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൌണ്ട് തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അനുമതി നൽകി. കിലക്ക് FCRA അക്കൌണ്ട് നിലവിലുണ്ട് എന്നതിനാൽ തന്നെ പുതുക്കിയ മാർഗ്ഗനിർദ്ദേശം പാലിച്ചുകൊണ്ട് അക്കൌണ്ട് തുടങ്ങുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും വ്യക്തമായി | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അനുമതി പ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൌണ്ട് തുടങ്ങുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ട് വരുന്നു. |

| | |
|---|---|
| പരിശോധിച്ച് വേണം നടപടികൾ എടുക്കാൻ. | |
| **ഐറ്റം നമ്പർ –05**<br>സർവ്വീസ് ടാക്സ് അടക്കുന്നതിൽ നിന്നും കിലയെ ഒഴിവാക്കുന്നത്- സംബന്ധിച്ച്<br>**തീരുമാനം :**<br>കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കില നടത്തുന്ന പരിശീലന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ബാധകമല്ല എന്നത് സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനസഹായത്തിന്മേലും ബാധകമാക്കേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളെ ശാക്തികരിക്കുന്നതിനുള്ള പരിശീലന പരിപാടിയാണ് സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ ആണ് പ്രസ്തുത പരിപാടികൾ കില സംഘടിപ്പിക്കുന്നത് . ആവശ്യമായ ഉയർന്ന തല നിയമോപദേശം സ്വീകരിച്ച കൊണ്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ലഭിക്കുന്ന സർവ്വീസ് ടാക്സ് ആനുകൂല്യം സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടത്തുന്ന പരിപാടികൾക്കും ബാധകമാക്കണമെന്നു അഭ്യർഥിച്ചുകൊണ്ട് Customs, Excise &Service Tax Appallate Tribunal Banglore മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br><br>സർവ്വീസ് ടാക്സ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാരിൽ നിന്നും നേരിട്ട് അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് അയക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം 2021 ഏപ്രിൽ 10 നുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊണ്ടുവരുന്നു. ആയതിലേക്ക് കൺസൾട്ടന്റായ Sri. D S Sreeganesh (LLB, FCA), Rtd . Superintendent of Central Excise, Central Excise Commissionerate, Trivandrum & now practicing Chartered Accountant – നെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| **ഐറ്റം നമ്പർ –06**<br>കില ആസ്ഥാനത്തെ സെക്യൂരിറ്റി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം :**<br>All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് കാലാവധി 31.12.2021 ദീർഘിപ്പിച്ച് നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു . | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം 31.12.2021 വരെ All Kerala Ex-servicemen and Security Force Charitable Trust, Guruvayur മായി G.O |

| | |
|---|---|
| സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം wage ഉറപ്പുവരുത്തി കരാർ തുക പുതുക്കുവാൻ തീരുമാനിച്ചു തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | (P) 38/2017/LBR dtd.09.05.2017 പ്രകാരമുള്ള മിനിമം വേജ് ഉറപ്പുവരുത്തി കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകി |
| **ഐറ്റം നമ്പർ –07**<br>കിലയുടെ HR പോളിസി – സംബന്ധിച്ച്<br>**തീരുമാനം :**<br>കേരള ലോക്കൽഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകുവാൻ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഇതിനായി ജീവനക്കാരുടെ അഭിപ്രായം തേടുവാനും റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കാനും നിർദ്ദേശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് അന്തിമ റിപ്പോർട്ട് ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കാനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ഇതിൽ ഫാക്കൽറ്റി അംഗങ്ങളെ സംബന്ധിച്ച കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കുന്നതിനായി ടി വിവരങ്ങൾ 2021 മാർച്ച് 7 ന് മുമ്പ് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവരെ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ജീവനക്കാരുടെ അഭ്പ്രായം തേടുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അഭിപ്രായം അറിയിക്കുവാനുള്ള തീയതി നീട്ടിത്തരണം എന്ന മൂന്നു ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ പ്രകാരം തീയതി നീട്ടി കൊടുക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നേരിൽ കേൾക്കണമെന്ന അപേക്ഷ അവർ സമർപ്പിക്കുകയും അതിൻ പ്രകാരം തുടർ നടപടി എടുക്കുകയും ചെയ്തു വരുന്നു. |
| **ഐറ്റം നമ്പർ –08**<br>കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പാക്കുന്നതിനോടനനുബന്ധിച്ച് ഹിയറിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം:**<br>കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പാക്കുന്നതിനോടനുബന്ധിച്ച ഹിയറിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ആയത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ | തുടർ ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ 22/03/2021 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ സംബന്ധിച്ച വിവരം ബഹു.ഹൈക്കോടതിയെ |

| | |
|---|---|
| അംഗീകാരത്തോടെ തുടർ ഉത്തരവിനായി സർക്കാരിലേക്ക് സമർപ്പിക്കുവാനും നടപടിക്രമങ്ങൾ സംബന്ധിച്ച വിവരം ബഹു.ഹൈക്കോടതിയെ അറിയിക്കുവാനും കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | അറിയിക്കുന്നതിനായി കില അഭിഭാഷകന് വിവരം നൽകിയിട്ടുണ്ട്. |
| **ഐറ്റം നമ്പർ: 09**<br>പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സർമാരായ ഡോ. പീറ്റർ എം. രാജ്, ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് വിധിന്യായം സംബന്ധിച്ച് :<br>**തീരുമാനം :**<br>കേരള ലോക്കൽഗവൺമെന്റ് കമമീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. 2021 മാർച്ച് 7 നുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കണമെന്നും എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചു. ഇക്കാര്യം ബഹു.ഹൈക്കോടതിയെ അറിയിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | നടപടി സംബന്ധിച്ച തീരുമാനത്തിനായി **അജണ്ട ഐറ്റം നം. ( 3 )** ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. |
| **ഐറ്റം നമ്പർ –10**<br>കില ജീവനക്കാരനായ ശ്രീ. ടി.എ സന്തോഷിന് ഇൻക്രിമെന്റും ഗ്രേഡും അനുവദിച്ചത് – WP(C) No. 13170/2020 കോടതി വിധി<br>**തീരുമാനം :**<br>ശ്രീ. സന്തോഷിന് അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും വഴി അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കാനുള്ള സർക്കാർ നിർദ്ദേശവും ബഹു ഹൈക്കോടതിയുടെ വിധിന്യായവും എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. കിലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ. സന്തോഷിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലയളവിലെ ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും കിലയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയും, ഗവേർണിംഗ് കൌൺസിലും അംഗീകരിച്ച് നൽകിയിട്ടുള്ള തുക തിരിച്ചുപിടിക്കുന്നത് ഔചിത്യമല്ല എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി. മുൻ കില എക്സിക്യൂട്ടീവ് കൌൺസിലിന്റേയും 26/06/2012 ന് | |

| | |
|---|---|
| ചേർന്ന കില ജനറൽ കൌൺസിലിന്റേയും അംഗീകാരത്തോടെ അനുവദിച്ച് നൽകിയ ആനുകൂല്യം താഴെപ്പറയുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തിരിച്ച് പിടിക്കേണ്ടതില്ല എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു<br>(1) തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ടായി സ്ഥാനമേറ്റെടുത്ത് അഞ്ച് വർഷക്കാലം പ്രവർത്തിച്ചത് കിലക്ക് എന്നും അഭിമാനാർഹമാണ് എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ<br>(2) ബഹു. ഹൈക്കോടതിയുടെ WP (C) No. 16952/2013 കേസിന്റെ അന്തിമ വിധിന്യായത്തിൽ ശ്രീ. സന്തോഷ് ടി എ. യുടെ അസുഖം, ഭാര്യയുടെ മരണം, മക്കളുടെ പരിപാലനം, അപേക്ഷകന്റെ ഇപ്പോഴത്തെ ശാരീരികവും സാമ്പത്തികവുമായ അവസ്ഥ എന്നിവ കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ ബന്ധപ്പെട്ട അതോറിറ്റി ശ്രദ്ധിക്കേണ്ടതാണ് എന്ന പ്രത്യേക പരാമർശം അംഗീകരിച്ചുകൊണ്ട്<br>(3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമപ്രകാരം ഡ്യൂട്ടിയിൽ പങ്കെടുക്കാൻ അലവൻസില്ലാതെ പ്രത്യേക അവധി അനുവദിച്ചുകൊണ്ടും അത്തരം അവധി കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കിക്കൊണ്ടുള്ള ഉത്തരവും (G.O.(P) 28/98/G.Edn. Dated 16.1.1998) ആയത് സഹകരണം വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ള (G.O (MS) 142/99/Co.op dated 28.9.1999) ഉത്തരവുകൾ കണക്കിലെടുത്ത്<br>മേൽ തീരുമാനം നടപ്പിലാക്കുന്നതിനും ആയത് സർക്കാരിലേക്ക് അറിയിക്കുവാനും കില ഡയറക്ടർ | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. സന്തോഷ് ടി.എ യ്ക്ക് അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും വഴി കൈപ്പറ്റിയ തുക തിരിച്ചടക്കാനുള്ള തിരിച്ചുപിടിക്കാനായിട്ടുള്ള 13.05.2020 തീയതിയിലെ സർക്കാർ ഉത്തരവ് നം (എംഎസ്) നമ്പർ 75/2020/തസ്വഭവ ഉത്തരവ് റദ്ദാക്കുന്നതിനാവശ്യമായ മേൽ നടപടികൾ കൈക്കൊള്ളുന്നതിനായുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. കില ഒരു സ്വയംഭരണ സ്ഥാപനമാണെന്നും ആയതിനാൽ ടിയാന് അനുവദിച്ച് നൽകിയ തുക സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നില്ല എന്ന വിവരവും സർക്കാരിലേക്ക് അറിയിക്കുവാനും നിർദ്ദേശിച്ചു. | |
| **ഐറ്റം നമ്പർ –11**<br>KILA GPF Scheme ആനുകൂല്യം ബാധകമാക്കുന്നത് - സംബന്ധിച്ച്<br>**തീരുമാനം :**<br>കിലയിൽ 01/04/2013 ന് ശേഷം സ്ഥിരം നിയമനം ലഭിച്ചതും NPS ആനുകൂല്യം ബാധകമാക്കിയിട്ടുള്ള ജീവനക്കാർക്ക് KILA GPF Rule ബാധകമാക്കുന്നതിനുള്ള നടപടി ആവശ്യമാണ് എന്ന് വിലയിരുത്തുകയും ടി ജീവനക്കാർക്ക് KILA GPF Rule ആനുകൂല്യം ബാധകമാക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു തുടർനടപടികൾക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ഡയറക്ടർജനറലിനെ ചുമതലപ്പെടുത്തി . | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. |
| **ഐറ്റം നമ്പർ –12**<br>കില - കൊട്ടാരക്കര സെന്ററിലെ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണം<br>**തീരുമാനം :**<br>(1) കില-കൊട്ടാരക്കര സെന്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപ വിനിയോഗിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സുമായി ബന്ധപ്പെട്ട പ്രവർത്തികളായ സ്റ്റാഫ് ക്വാർട്ടേഴ്സ് (ടൈപ്പ്-എ) പ്ളാസ്റ്ററിംഗ്, റൂഫിംഗ് വർക്ക് എന്നിവ എസ്റ്റിമേറ്റ് പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ മുഖേന നടത്തുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു<br>(2) മറ്റു പ്രവർത്തികൾ കില-കൊട്ടാരക്കര സെന്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കില-കൊട്ടാരക്കര സെന്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായുള്ള അനുമതിക്കായി 28/02/2021 തീയതിയിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

| | |
|---|---|
| | |
| **ഐറ്റം നമ്പർ –13**<br>കില-സി.എച്ച് .ആർ .ഡി ,കൊട്ടാരക്കര – അടിസ്ഥാനസൗകര്യവികസനം – നിർമ്മാണപ്രവർത്തികൾ സംബന്ധിച്ച്.<br>(1) നിർമ്മിതികേന്ദ്രം മുഖേന നടത്താവുന്ന പ്രവർത്തികൾ അനുമതി-<br>(2) ഓഫീസ് ക്യാബിൻ ,റെക്കോർഡ് റൂം സജ്ജീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>(1) കൊട്ടാരക്കര കിലസി.എച്ച്.ആർഡി യിലെ പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരം നിർമ്മിതികേന്ദ്രം മുഖേന നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകി<br>(2) കൊട്ടാരക്കര കിലസി.എച്ച്.ആർഡി യിലെ ഓഫീസ് ക്യാബിൻ റെക്കോർഡ് റൂം സജ്ജീകരിക്കുന്നതിനായുള്ള പ്രവർത്തികൾക്കായി ARTISANS Development Co operatative Limited ,കൊല്ലം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ടി ഏജൻസി മുഖാന്തിരം പദ്ധതി നിർവഹണം നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകി | എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാര പ്രകാരം പ്രവർത്തികൾ നടപ്പിലാക്കുന്നതിലേക്കായി നിർമ്മിതികേന്ദ്രവുമായി കരാറിലേർപ്പെട്ടു.<br><br>എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാര പ്രകാരം പ്രവർത്തികൾ നടപ്പിലാക്കുന്നതിലേക്കായി ARTISANS Development Co operatative Limited എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടു. |
| **ഐറ്റം നമ്പർ –14**<br>ഇ.മൊബിലിറ്റി പ്രോജക്റ്റ്- ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ കില ആസ്ഥാനത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച്-<br>**തീരുമാനം :**<br>ഇ.മൊബിലിറ്റി പ്രോജക്റ്റിന്റെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ കില ആസ്ഥാനത്ത് സ്ഥാപിക്കുന്നത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. | ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ജോലികൾ അനർട്ടിന്റെ നേതൃത്വത്തിൽ കിലയിൽ പുരോഗമിച്ച് വരുന്നു |
| **ഐറ്റം നമ്പർ –15**<br>ഇലക്ട്രിക് കാർ Lease ന് എടുക്കുന്നത് – സംബന്ധിച്ച്-<br>**തീരുമാനം :**<br>സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി കിലയിൽ ഒരു ഇലക്ട്രിക് വാഹനം Lease ന് എടുക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകി. ക്യാമ്പസിനകത്ത് ഉപയോഗിക്കുവാൻ സാധിക്കുന്ന വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ചെറിയ വാഹനം വാങ്ങുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശപ്രകാരം TAXA NEXON ELECTRIC CAR (WITH OUT DRIVER)ഒരെണ്ണം വാടകക്ക് എടുക്കുന്നതിനായി അനെർട്ടിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |

| | |
|---|---|
| **ഐറ്റം നമ്പർ –16**<br>കില ഓഡിറ്റോറിയം നവീകരണം – സംബന്ധിച്ച്<br>**തീരുമാനം**<br>സർക്കാർ ഭരണാനുമതി നൽകിയത് പ്രകാരം കില ഓഡിറ്റോറിയം നവീകരണ പ്രവർത്തികൾ  അടിയന്തിരമായി പൂർത്തീകരിക്കുന്ന നടപടികൾക്കായി കില ഡയക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കില ഓഡിറ്റോറിയം നവീകരണ പ്രവർത്തികൾ  അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്ന് വരുന്നു. |
| **അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**<br>**ഐറ്റം നമ്പർ –01**<br>പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം**<br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

<table>
<tr><th colspan="2">ACTION TAKEN REPORT ON THE DECISION OF THE 12th EXECUTIVE COMMITTEE MEETING HELD ON 04/01/2021</th></tr>
<tr><th>Executive Committee Decision</th><th>Action Taken</th></tr>
<tr><td>
ഐറ്റം നമ്പർ –04<br>
റിസർച്ച് അസോസിയേറ്റ് നിയമനം – സംബന്ധിച്ച്<br>
തീരുമാനം<br>
റിസർച്ച് അസോസിയേറ്റുകളായി സേവനമനുഷ്ഠിക്കുന്നവരുടെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനനുസരിച്ച് 3 വർഷത്തേക്ക് കരാർ നിയമനം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് 3 വർഷക്കാലാവധിക്കു ശേഷം Performance Evaluation ന്റെ അടിസ്ഥാനത്തിലും കിലയിലെ HR പോളിസിക്ക് വിധേയമായും സ്ഥിരിപ്പെടുത്തുവാൻ തീരുമാനിച്ചു. തസ്തികയിലെ യോഗ്യതാ മാനദണ്ഡം താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.
<table>
<tr><td>Scale of Pay for thePost of Research Associate</td><td>Rs.29200-62400</td></tr>
<tr><td>Eligible Qualification (As amended by Executive Committee decision dated 24/10/2018 – tem No.4)</td><td>
Essential Qualification
<ul>
<li>Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any related subject</li>
<li>First class Graduation in Mathematics/Statistics</li>
<li>Experience in collection of data and survey</li>
<li>Certificate in data science and analytical programme – course not less than 3 months or the PG curriculum should include the topic</li>
</ul>
Desirable:
<ul>
<li>M Phil.</li>
<li>Publication of papers/ articles.</li>
<li>Proficiency in Data base Management/Software/Big data Analytics Data Mining</li>
<li>Past experience in Data Processing/Data Analysis</li>
</ul>
</td></tr>
<tr><td colspan="2">അപേക്ഷ ക്ഷണിക്കുമ്പോൾ 3 വർഷത്തിന് ശേഷം സ്ഥിരപ്പെടുത്തിയേക്കാമെന്നും ആയത് കിലയുടെ HR പോളിസിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും സൂചിപ്പിക്കണം. ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടാകും.</td></tr>
</table>
</td><td>
തീരുമാനപ്രകാരം റിസർച്ച് അസോസിയേറ്റ് തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിന് പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും പരസ്യം നൽകിയതിനെ തുടർന്ന് 180 അപേക്ഷകൾ ലഭ്യമായി. പ്രാഥമിക പരിശോധനയിൽ 97 അപേക്ഷകൾ നോട്ടിഫിക്കേഷൻ പ്രകാരം യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എഴുത്തു പരീക്ഷ നടത്തുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.
</td></tr>
</table>

| ACTION TAKEN REPORT ON THE DECISIONS OF THE FIRST EXECUTIVE COMMITTEE HELD ON 29.08.2017 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **Item No. 11 :Merging the Extension Training Centers with KILA – follow up**<br><br>Decision: The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development.<br><br>Expedite the action from the part of Government on the request made by the Director KILA as per EC decision | 24.02.2021-ലെ സ.ഉ.(കൈ) നം.65/2021/തസ്വഭവ ഉത്തരവ് ഉത്തരവ് പ്രകാരം കിലയുടെ റീജിയണൽ സെന്ററുകളായ കില-സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ്, തളിപറമ്പ, കില – സെന്റർ ഫോർ ഗുഡ് ഗവേണൻസ്, മണ്ണുത്തി, കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ്, കൊട്ടാരക്കര എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും നിലവിലുള്ള ആസ്തികളുടെയും വസ്തുവകകളുടെയും ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറിലും പുതുതായി വാങ്ങുന്നവയുടെ ഉടമസ്ഥാവകാശം കിലയിലും, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, നിക്ഷിപ്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>1) പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം പൂർണ്ണായി കില ഡയറക്ടറുടെ കീഴിലായിരിക്കും. കെട്ടിടങ്ങളുടെ അറ്റക്കുറ്റപ്പണികൾ, ദൈനംദിന ചെലവുകൾ, പുതിയ വികസന പരിപാടികൾ എന്നിവ കില ഡയറക്ടറുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതും ഈ സ്ഥാപനങ്ങളുടെ ദൈനംദിന ഭരണ നടപടികൾ സംബന്ധിച്ച ഉത്തരവ് കാലാകാലങ്ങളിൽ കില ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ് എന്നും,<br>2) ടി സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം, നിയമനം എന്നിവയുടെ നടപടികൾ കില ഡയറക്ടറുടെ അറിവോടെ നടത്തേണ്ടതുമാണ്. എന്നാൽ, പ്രസ്തുത ഉദ്യോഗസ്ഥരുടെ ശമ്പളം അതാത് സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരുടെ നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് തുടർന്നും നൽകേണ്ടതുമാണ് എന്ന് ഉത്തരവായിട്ടുണ്ട്.<br><br>മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ |

| | |
|---|---|
| | കില ഡയറക്ടർ ജനറലുടെ നടപടിക്രമം പുറപ്പെടുവിച്ച് നടപടികൾ പൂർത്തീകരിച്ച വിവരം എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അറിവിനായി സമർപ്പിക്കുന്നു. |

**തീരുമാനം :**

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടികൾ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി**

# 25/03/2021 തീയ്യതിയിലെ

# പതിനാലാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ അജണ്ടക്കുറിപ്പുകൾ

**ഐറ്റം നമ്പർ -3**

**കിലയുടെ HR പോളിസി - സംബന്ധിച്ച്-**

11/03/2020 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയത് പ്രകാരം 20/03/2020 തിയതിയിലെ നമ്പർ KILA/2019/101/6579/HQ കത്ത് മുഖാന്തിരം HR പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷന് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽഗവൺമെന്റ് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം രേഖകൾ കൈമാറുകയും ചെയ്തിട്ടുള്ളതാണ്.

കേരള ലോക്കൽഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy 11/02/2021 തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള LSGD - IB2/48/2021-LSGD നമ്പർ കത്ത് മുഖാന്തിരം കിലയിൽ ലഭ്യമാക്കുകയും HR പോളിസി സംബന്ധിച്ച കിലയുടെ Feed back അടിയന്തിരമായി അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി പരിഗണിക്കുന്നതിനായി 22/02/2021 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനം താഴെക്കൊടുക്കുന്നു.

"കേരള ലോക്കൽഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകുവാൻ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവരെ ചുമതലപ്പെടുത്തുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ഇതിനായി ജീവനക്കാരുടെ അഭിപ്രായം തേടുവാനും റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കാനും നിർദ്ദേശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് അന്തിമ റിപ്പോർട്ട് ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കാനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ഇതിൽ ഫാക്കൽറ്റി അംഗങ്ങളെ സംബന്ധിച്ച കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കുന്നതിനായി ടി വിവരങ്ങൾ 2021 മാർച്ച് 7 ന് മുമ്പ് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു".

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ HR Policy പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകുവാൻ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവർക്ക് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ജീവനക്കാരുടെ അഭിപ്രായം തേടുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അഭിപ്രായം അറിയിക്കുവാനുള്ള തീയതി നീട്ടിത്തരണം എന്ന മൂന്നു ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ പ്രകാരം തീയതി നീട്ടി കൊടുക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നേരിൽ കേൾക്കണമെന്ന അപേക്ഷ അവർ സമർപ്പിക്കുകയും അതിൻ പ്രകാരം തുടർ നടപടി എടുക്കുകയും ചെയ്തു വരുന്നു.

**എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.**

**ഐറ്റം നമ്പർ :4**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ – സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് – സംബന്ധിച്ച്**

28/09/2020 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി KILA– KIIFB project – സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയും ഉണ്ടായി. കില – കിഫ്ബി പ്രൊജക്ടിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള 405 സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു. .

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
2) ഡയറക്ടർ ജനറൽ, കില
3) ചീഫ് മാനേജർ, കില –കിഫ്ബി PMU
4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്

കില – കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ സബ് കമ്മറ്റി രൂപീകരിച്ച് 29/09/2020 തീയതിയിൽ കില 2019/101/6200/HQ)നമ്പർ നടപടിക്രമം കില ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുകയുണ്ടായി.

ടെണ്ടർ/റീ ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലും (മാതൃഭൂമി & ദേശാഭിമാനി) ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും (New Indian Express) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം കിലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പരിചയ സമ്പന്നരും കേരള പിഡബ്ല്യൂഡി, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഐറ്റം റേറ്റ് കോമ്പോസിറ്റ് ദർഘാസുകൾ (സിവിൽ & ഇലക്ട്രിക്കൽ) ആണ് ക്ഷണിച്ചിട്ടുള്ളത്. .മേൽനടപടികളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഇ-ടെണ്ടറുകളിൽ എല്ലാ റെക്കോഡുകളും പരിശോധിക്കുകയും ആവശ്യപ്പെട്ട റെക്കോർഡുകൾ സമർപ്പിച്ചിട്ടുള്ള L1 റാങ്കിലുള്ള കരാറുകാരുടെ ടെണ്ടറുകൾ അടങ്കൽ തുകയേക്കാളും കുറഞ്ഞ തുകക്കുള്ളത് സബ് കമ്മറ്റി ഐക്യകണ്ഠേന അംഗീകരിക്കുവാൻ തീരുമാനിച്ചു . മിനിറ്റ്സ് **അനുബന്ധം – (2) മുതൽ (4) വരെ** . അംഗീകാരത്തിനായി സമർപ്പിക്കുന്ന ടെണ്ടർ അംഗീകരിക്കുന്നതിനുള്ള കമ്മിറ്റിയുടെ വിശദാംശം ചുവടെച്ചേർക്കുന്നു.

| Date | No. of Tender accepted | Remarks |
|---|---|---|
| 22/10/2020 | 16 (out sixteen tenders, one accepted subject to the approval of KIIFB ) | അനുബന്ധം – (2) |
| 19/01/2021 | 26 | അനുബന്ധം – (3) |
| 16/02/2021 | 60 | അനുബന്ധം – (4) |

കില –കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുന്നതിനായി മേൽപട്ടിക പ്രകാരം ചേർന്ന സബ്കമ്മറ്റിയുടെ തീരുമാനങ്ങൾ ക്രമവൽക്കരിക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം :**

കില –കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുന്നതിനായി ചേർന്ന സബ്കമ്മറ്റിയുടെ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കാവുന്നതാണെന്ന് നിരീക്ഷിച്ചു. നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചു.

ഐറ്റം നമ്പർ –5

**കില ലാന്റ് അക്വിസിഷൻ – അപ്പീൽ കേസുകൾ ബഹു. കേരള ഹൈക്കോടതി വിധി – സംബന്ധിച്ച്**

കില കാമ്പസ്സിനോട് ചേർന്ന് കിടന്നിരുന്ന 5 ഏക്കർ ഭൂമി ലാന്റ് അക്വിസിഷൻ നടപടി പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ കിള്ളന്നൂർ വില്ലേജിലെ പല സർവ്വെ നമ്പറുകളിലായി 2010-ൽ കിലയ്ക്ക് കൈമാറി.

G.O.(MS)No. 38/08/LSGD dt. 11.2.2008, G.O.(MS)No. 57/08/LSGD dt. 4.3.2008 എന്നീ സർക്കാർ ഉത്തരവ് പ്രകാരം Urgency Clause under Section 17(4) of LA Act പ്രകാരം ആണ് ഈ ഭൂമി കിലയ്ക്ക് അക്വയർ ചെയ്തിട്ടുള്ളത്.

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) – യുടെ ഉത്തരവ് പ്രകാരം ഒരു സെന്റ് ഭൂമിക്ക് ശരാശരി 1,21,833 രൂപ നിരക്കിൽ വില നിശ്ചയിച്ചുകൊണ്ട് ആകെ Rs. 6,09,16,706.14 രൂപയാണ് ഭൂമിയുടെ വിലയായി നൽകിയിട്ടുള്ളത്. എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ (20%) – Rs. 1,21,83,341.23 യും ചേർത്ത് ലാന്റ് അക്വിസിഷനിലേക്കായി ആകെ Rs. 7,31,00,047.37 ചെലവഴിച്ചിട്ടുണ്ട് **(അനുബന്ധം –(5)).**

പ്രസ്തുത ഭൂമിയുടെ അവകാശികളായിരുന്ന ശ്രീമതി. സുഹൈറ ഹൈദ്രോസ് മുതൽ പേർ അവർക്ക് നൽകിയ കോമ്പൻസേഷൻ തൃപ്തികരമല്ല എന്ന് കാണിച്ച് തൃശ്ശൂർ സബ്ബ് കോടതിയിൽ L.A.R. 3/20120, L.A.R, 4/2010, L.A.R. 5/2010, L.A.R. 6/2010, L.A.R. 7/2010, L.A.R. 8/2010 & L.A.R. 9/2010 എന്നീ ഏഴ് കേസുകൾ ഫയൽ ചെയ്തു. ആയതിൽ കിലയ്ക്കുവേണ്ടി അഡ്വ. കെ.ബി. മോഹൻദാസിനെ ചുമതലപ്പെടുത്തുകയും യഥാസമയം എതിർ സത്യവാങ്മൂലം നൽകുകയും ഈ കേസുകളിൽ 25.08.2014-ൽ Common Judgement and separate decrees പുറപ്പെടുവച്ചു. തുടർന്ന് സബ്ബ്കോടതി വിധിക്ക് സ്റ്റേ ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ 7 കേസുകൾക്കും അപ്പീൽ സമർപ്പിച്ചു.

ആയതിനെ തുടർന്ന് സബ് കോടതി അധികമായി നൽകുന്നതിന് ഉത്തരവായ തുകയുടെ 50% തുക കോടതിയിൽ കെട്ടി വയ്ക്കാൻ ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം തുക കെട്ടിവെച്ചതിനെത്തുടർന്ന് സബ്ബ്കോടതിയുടെ വിധിയ്ക്ക് സ്റ്റേ ലഭിച്ചു. സബ്ബ്കോടതിയിൽ കെട്ടിവച്ച തുകയുടെ വിശദാംശം ചുവടെച്ചേർക്കുന്നു

| # | Case No | Appeal No | 50% Amount deposited |
|---|---|---|---|
| 1. | LAR 3/2010 | LAA 113/2015 | 21,45,791 |
| 2. | LAR 4/2010 | LAA 92/2015 | 1,70,380 |
| 3. | LAR 5/2010 | LAA 93/2015 | 34,09,267 |
| 4. | LAR 6/2010 | LAA 114/2015 | 21,77,923 |
| 5. | LAR 7/2010 | LAA 94/2015 | 8,92,143 |
| 6. | LAR 8/2010 | LAA 111/2015 | 28,19,329 |
| 7. | LAR 9/2010 | LAA 116/2015 | 15,83,355 |
| | | | **1,31,98,188** |

മേൽ പരാമർശിച്ച 7 അപ്പീൽ കേസുകൾ 4.12.2020-ൽ തള്ളിക്കൊണ്ട് ബഹു. കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. ആയതിന്റെ വിധിന്യായ പകർപ്പ് അയച്ച് നൽകിയതോടൊപ്പം കിലയുടെ അഭിഭാഷകനായ ശ്രീ. കെ.ബി. മോഹൻദാസ് നൽകിയിട്ടുള്ള നിയമോപദേശ പ്രകാരം ബഹു. സുപ്രീം കോടതി മുമ്പാകെ അപ്പീൽ സാധ്യതയുള്ളതായി അറിയിച്ചിട്ടുണ്ട്. വിധിയുടെ പകർപ്പും നിയമോപദേശവും **അനുബന്ധം – (6)** ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

Land acquisition നിയമപ്രകാരം ഭൂമി ഏറ്റെടുത്ത് ഒരു വർഷത്തിനുശേഷം വരുന്ന അധിക തുകയ്ക്ക് 15% നിരക്കിൽ പലിശ, അധിക തുക സെറ്റിൽ ചെയ്യുന്നതു വരെയുള്ള കാലയളിവിലേക്ക് (2011 മുതൽ) നൽകേണ്ടതായി വരും. മേൽ വിധിയെ തുടർന്നുള്ള എല്ലാ കേസുകളുടേയും decree ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കാമെന്നാണ് കിലയുടെ അഭിഭാഷകൻ അറിയിച്ചിരിക്കുന്നത്. ആയതുകൊണ്ടു തന്നെ അധികമായി നൽകേണ്ടി വരുന്ന തുകയുടെ കൃത്യത സംബന്ധിച്ച വിവരം decree ലഭിച്ചതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**മേൽ വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവിലേക്കും ബഹു. സുപ്രീം കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതു സംബന്ധിച്ച തീരുമാനത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം :**

**ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൻമേൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഒരു വിദഗ്ദ്ധോപദേശം കൂടി ആരായുന്നതിന് ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ –6

**കില കാന്റീന്റെ നടത്തിപ്പ് – കരാർ ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്**

കില കാന്റീൻ യൂണിറ്റ് ക്വട്ടേഷൻ പ്രകാരം വിജയശ്രീ കുടുംബശ്രീ യൂണിറ്റാണ് 2015 ഏപ്രിൽ 1 മുതൽ ഏറ്റെടുത്ത് നടത്തിവരുന്നത്. ഇപ്പോൾ ഒരു ദിവസം ഒരാൾക്ക് 236.50 രൂപയും + 5% GST നിരക്കിൽ ഭക്ഷണം നൽകുന്നതിനുള്ള കരാർ 2021 മാർച്ച് 31 വരെയാണ് നൽകിയിരിക്കുന്നത്. നിലവിലെ ഭക്ഷണ നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെ കൊടുക്കുന്നു.

| Item | Rate (in Rupees) |
|---|---|
| Bed Tea /Coffe | 7.50 |
| Break Fast | 50.00 |
| Tea & Sancks (11.a.m) | 12.00 |
| Lunch | 75.00 |
| Tea & Snacks (3 p.m) | 20.00 |
| Tea & Sancks (6 p.m) | 12.00 |
| Dinner | 60.00 |
| SubTotal | 236.50 |
| GST (5%) | 11.83 |
| **Total** | **248.33** |

2021-22 കാലഘട്ടത്തിലേക്ക് സാധന സാമഗ്രികളുടെ വിലവർദ്ധനവ് പരിഗണിച്ച് നിലവിൽ അനുവദിച്ച ഭക്ഷണ നിരക്കിൽ വർദ്ധനവ് വരുത്തി കരാർ പുതുക്കുന്നതിനായി വിജയശ്രീ കുടുംബശ്രീ യൂണിറ്റ് അപേക്ഷിച്ചിട്ടുണ്ട്. .

**വിജയശ്രീ കുടുംബശ്രീ യൂണിറ്റിന് 2021-22 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിനും നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം :**

**വിജയശ്രീ കുടുംബശ്രീ യൂണിറ്റിന് 2021-22 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി. നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ –7**

**വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിന്റെ കരാർ ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്**

കിലയിൽ പരിശീലനത്തിന് എത്തുന്ന പരിശീലനാർത്ഥികളെ കിലയിൽനിന്നും തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ /ബസ് സ്റ്റാൻഡ് /ഷോർണ്ണൂർ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് കൊണ്ടുവിടുന്നതിനായും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഒരു വർഷത്തേക്ക് വാഹനം കരാർ അടിസ്ഥാനത്തിൽ നൽകുന്നതിലേക്കായി അംഗീകൃത ട്രാവൽ ഏജൻസി/വ്യക്തികളിൽനിന്ന് ക്വട്ടേഷൻ 07/03/2019 തീയതി ക്ഷണിച്ചത് പ്രകാരം 3 ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ലഭ്യമാവുകയും ആയതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഏജൻസി ക്വട്ടേഷൻ ഏറ്റെടുക്കുവാൻ താല്പര്യം ഇല്ല എന്നറിയിച്ചതിനെത്തുടർന്ന് രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന്റെ ക്വട്ടേഷൻ നിരക്ക് നെഗോഷ്യേറ്റ് ചെയ്ത് 2019 ഏപ്രിൽ മുതൽ 2020 മാർച്ച് 31 വരേക്ക് കരാർ നൽകുകയുണ്ടായി. നിരക്ക് സംബന്ധിച്ച വിശദാംശം **അനുബന്ധം –(7)** അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത കരാർ 2020–21 സാമ്പത്തിക വർഷത്തിൽ നിരക്ക് വർദ്ധനയില്ലാതെ പുതുക്കി നൽകുകയുണ്ടായി. ആയതിന്റെ കാലാവധി 2021 മാർച്ച് 31 ന് അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഏജൻസി 2021–22 സാമ്പത്തിക വർഷത്തിലേക്ക് കരാർ പുതുക്കി നൽകുന്നതിലേക്കായി അപേക്ഷിച്ചിട്ടുണ്ട്. അതോടൊപ്പം ഇന്ധന വില വർദ്ധനവ്, ഇൻഷ്വറൻസ് തുക, നികുതി തുക എന്നിവയുടെ വർദ്ധനവ് പരിഗണിച്ച് നിലവിലുള്ള നിരക്കിൽ ആനുപാതിക വർദ്ധനവിനായി അപേക്ഷിച്ചിട്ടുണ്ട്.

**ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് 2021–22 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതും നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**.തീരുമാനം :**

**ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് 2021–22 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി. നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ –8

റിപ്പോർട്ടിംഗ്

1) കില വാർഷിക കണക്കുകൾ Registrar of Societies മുമ്പാകെ ഫയൽ ചെയ്ത് ക്രമവൽക്കരിച്ചത് – സംബന്ധിച്ച് –

1990 ൽ Travancore Literary Scientific Charitable Societies, Registration Act, 1955 പ്രകാരം 01/10/1990 തീയ്യതിയിൽ 563/1990 നമ്പർ ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില). എന്നാൽ 1990 മുതൽ 2020 വരെയുള്ള വാർഷിക കണക്കുകൾ സംഘം രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിരുന്നില്ല. ആയത് ക്രമവൽക്കരിക്കുന്നതിലേക്കായി കില എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികൾ ഒപ്പുവെച്ച പട്ടിക, 1990-91 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, അഫിഡവിറ്റ് എന്നിവ തൃശ്ശൂർ ജില്ലാ രജിസ്ട്രാർ (ജനറൽ) /രജിസ്ട്രാർ ഓഫ് സൊസൈറ്റീസിന്റെ കാര്യാലത്തിൽ 17/03/2021 ന് സമർപ്പിക്കുകയും ആയത് അംഗീകരിച്ച് കിലക്ക് രസീത് ലഭ്യമാക്കിയിട്ടുള്ളതുമാണ്. .

**മേൽ വിവരം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു**

**തീരുമാനം :**

**1990 മുതൽ 2020 വരെയുള്ള കിലയുടെ വാർഷിക കണക്കുകൾ Registrar of Societies മുമ്പാകെ ഫയൽ ചെയ്ത് ക്രമവൽക്കരിച്ച ഡയറക്ടർ ജനറലിന്റെ നടപടി അങ്ങേയറ്റം ശ്രദ്ധേയവും അഭിനന്ദനാർഹവുമാണെന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി.**

യോഗം രാവിലെ 11:30 മണിക്ക് അവസാനിച്ചു.

Sarada

ചെയർപേഴ്സൺ കില എക്സിക്യൂട്ടീവ് കമ്മറ്റി &
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ